**കാലിക്കറ്റ് സർവകലാശാല**
**ആഭ്യന്തര ഓഡിറ്റ് വിഭാഗം.**

39089/FIN-INT.AUDIT-1/2018/Fin 27.12.2018

**2018 നവംബര് 16,17തിയ്യതികളിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗം കാലിക്കറ്റ് സർവകലാശാല സംസ്കൃതം പഠന വകുപ്പിൽ സന്ദർശിച്ച തയ്യാറാക്കിയ റിപ്പോർട്.**

ഓഡിറ്റർ 1 ) മനോജ് കുമാർ. ടി
2 ) സത്യനേശൻ. സി
ഓഡിറ്റ് ഓഫീസർ : രജനീദേവി. പി.കെ

വിദ്യാർത്ഥികൾക്ക് സംസ്കൃത ഭാഷയിലും ഭാരതീയമായ അറിവുകളിലും ആനുകാലിക ചോദനകൾക്ക് ഉപയുക്തമാവുന്നവിധം അറിവ് പകരുക എന്നതിലുപരി സംസ്കൃത ഭാഷയിലുള്ള ഭാരതത്തിന്റെ വൈവിധ്യമാർന്ന പൗരാണിക പാരമ്പര്യം വ്യത്യസ്ത വീക്ഷണ കോണുകളിലൂടെ സമീപിക്കുന്ന പ്രസിദ്ധീകരണങ്ങൾ, ചർച്ചകൾ എന്നിവയിലൂടെ സമൂഹത്തിനു ലഭ്യമാക്കുക എന്നതും ഈ പഠന വിഭാഗത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായി ചൂണ്ടിക്കാട്ടുന്നു. സംസ്കൃത ഭാഷാ പഠന, ഗവേഷണ രംഗത്ത് ശ്രദ്ധേയമായ ഒരു പഠന വകുപ്പാണ് കാലിക്കറ്റ് സർവകലാശാലയിലേത് എന്ന് അവകാശപ്പെടുമ്പോഴും ഇവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധ്യയിൽപ്പെട്ടു.

സെക്ഷൻ ഓഫീസർ: റംലാബീ മേലേവീട്ടിൽ.

വകുപ്പ് മേധാവി : Dr. എൻ.കെ. സുന്ദരേശ്വരൻ

***ആഭ്യന്തര ഓഡിറ്റ് വിഭാഗം പരിശോധിച്ച രെജിസ്റ്ററുകളും, രേഖകളും,തടസ്സവാദങ്ങളും അനുബന്ധ നിർദ്ദേശങ്ങളും***

**1) അഡ്മിഷൻ രജിസ്റ്റർ**

സംസ്കൃതം ബിരുദാനന്തര ബിരുദത്തിനു 30 വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരമുള്ള ഈ പഠന വിഭാഗത്തിൽ മുൻവർഷങ്ങളിൽ (2014 മുതൽ 2018 വരെ )പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം :

2014 - 16 വർഷത്തിൽ 15

2015 -17 വർഷത്തിൽ 18

2016 - 18 വർഷത്തിൽ 15

2017 - 19 വർഷത്തിൽ 22

2018 - 20 വർഷത്തിൽ 16

6 വിദ്യാർത്ഥികൾക്ക് അവസരമുള്ള എം ഫിൽ കോഴ്സ 2018 - 19 ബാച്ചിൽ 4 പേർ പ്രവേശനം നേടിയിട്ടുണ്ട്.
പി എച്ച്ഡി യ്ക്ക് 2015 , 2016 വർഷങ്ങളിൽ 2 പേർ വീതവും 2018 ഇൽ 4 പേരുമാണ് പ്രവേശനം നേടിയിട്ടുള്ളത്.
2017 ഇൽ അഡ്മിഷൻ ഇല്ല.

**2) ക്യാഷ് ബുക്ക്**

ക്യാഷ് ബുക്ക് vol. II പരിശോധിച്ചു.

പേജ് നമ്പർ 38 മുതൽ 47 വരെ തിരുത്തലുകൾ ആവശ്യമായിവന്നതിനാൽ പ്രസ്തുത പേജുകളിൽ രേഖപ്പെടുത്തിയ വരവ് ചെലവ് കണക്കുകൾ തുടർന്നുള്ള പേജുകളിൽ എഴുതി സാക്ഷ്യപ്പെടുത്തി മേലൊപ്പ് വാങ്ങിയിട്ടുണ്ട്.
**തുടർന്നുള്ള ചില പേജുകളിൽ മേലൊപ്പ് വാങ്ങിയിട്ടില്ല എന്ന് കാണുന്നു.**

**2a)** SBT A/c No.57018317246 **ബാങ്ക് പാസ് ബുക്ക്** പരിശോധിച്ചു. 01.11.2018 തിയ്യതിക്ക് പാസ് ബുക്ക് പ്രകാരം 1,12,392/- രൂപയും , ക്യാഷ് ബുക്ക് പ്രകാരം 1,04, 725/ രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. വ്യത്യാസമുള്ള തുകയായ 7,667/ - ബാങ്കുമായി ഐക്യപ്പെടുത്തി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി മേലൊപ്പ് വാങ്ങേണ്ടതാണ്.

**ക്യാഷ് ബുക്ക് കൈകാര്യം ചെയ്യുമ്പോൾ - *Rule 92(a) KTC, Article 305, KFC* എന്നിവ പ്രമാണമായി സ്വീകരിക്കേണ്ടതാണ്.**

**3) കോഷൻ ഡിപ്പോസിറ്റ് രജിസ്റ്റർ**

2009 അഡ്മിഷൻ മുതൽ 2018 വരെയുള്ള അഡ്മിഷൻ എം എ , എം ഫിൽ , പി എച്ച് ഡി വിദ്യാർത്ഥികളിൽ നിന്നും വാങ്ങിയിട്ടുള്ള കോഷൻ ഡിപ്പോസിറ്റ് തുകയിൽ 39 ,490 രൂപ തിരിച്ചു നൽകേണ്ടതായിട്ടുണ്ട്. കത്ത് നമ്പർ Accts B1/RV/4117/2009-10, dated 20.06.2014 പ്രകാരവും കത്ത് നമ്പർ 6305 /Fin.Accts.A1/2013/Fin(1) തിയ്യതി 01.11.2013 പ്രകാരവും 43911 രൂപ സർവകലാശാല ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളതായി കാണുന്നു.

**4) ഇ ഗ്രാന്റ്സ് രജിസ്റ്റർ**

ഇ ഗ്രാന്റ്സ് അർഹരായ വിദ്യാർത്ഥികളുടെ പ്രവേശന വർഷം, പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ല. ഇ ഗ്രാന്റ്സുമായി ബന്ധപ്പെട്ട ചെക്കുകൾ മാത്രം രേഖപ്പെടുത്തി വെയ്ക്കുന്ന ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്.

ഓരോ വർഷവും ഇ ഗ്രാന്റ്സ് അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പിൽ ഓൺലൈൻ രജിസ്റ്റർ ചെയ്യുന്നതു മുതൽ തുക അനുവദിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതുവരെയുള്ള കണക്കുകൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**5) ചെക്കുകൾ സ്വീകരിക്കുന്നതും നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ**

ചെക്കുകൾ സ്വീകരിക്കുന്നതും നൽകുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്ന രെജിസ്റ്ററുകൾ സൂക്ഷിക്കുന്നത് വ്യവസ്ഥാപിതമായ രീതിയിലല്ല.

ഇത് സംബന്ധിച്ച് സർക്കുലർ നമ്പർ: 2609/2012/ Dated:Fin 05.09.2018 മാർഗ നിർദേശങ്ങൾ
പാലിക്കേണ്ടതാണ്.

**6) സ്റ്റോക്ക് രജിസ്റ്റർ**

പരിശോധിച്ചു. അപാകതകളില്ല.

**7) ഹാജർ പുസ്തകം**

പരിശോധിച്ചു. അപാകതകളില്ല.

**8) T R. 5 രസീത് പുസ്തകം**

ചില രസീതുകളുടെ രണ്ടാം കോപ്പി പണമടച്ചയാൾക്ക് നൽകിയതായി കാണുന്നില്ല. ആയത് നൽകുന്നതായി നിർദേശം നൽകിയിട്ടുണ്ട്. മറ്റു അപാകതകളില്ല.

**9) ഉത്തരക്കടലാസുകളുടെ രജിസ്റ്റർ**

ഉപയോഗിക്കുന്നതും ബാക്കിവരുന്നതുമായ ഉത്തരക്കടലാസുകളുടെ എണ്ണം രേഖപ്പെടുത്തുന്നതല്ലാതെ ആയതിന്റെ ശ്രേണി (സീരീസ്) രേഖപ്പെടുത്തിക്കാണുന്നില്ല.

കുറ്റമറ്റ രീതിയിൽ രജിസ്റ്റർ സൂക്ഷിക്കാനുള്ള നിർദേശം നൽകി.

**10) ഡി. സി. ബി. സ്റ്റേറ്റ്മെന്റ്**

പരിശോധിച്ചു. മുൻ വർഷത്തെയും നടപ്പുവർഷത്തെയും കൂടി അകെ പിരിച്ചെടുക്കാനുള്ള തുക 2,19,805/- രൂപയാണെന്നും പിരിച്ചെടുത്തിട്ടുള്ളത് 1,18,990/- രൂപയാണെന്നും, കുടിശ്ശിക 1,02,015/-ആണെന്നും രൂപ 1200/- അധികമായി ഒടുക്കിയിട്ടുള്ളതായും കാണുന്നു.

അധികമായി രേഖപ്പെടുത്തിയിട്ടുള്ള രൂപ 1200/- സംബന്ധിച്ച വിശദ വിവരം അറിയിക്കേണ്ടതാണ് .

Suresh K.K

Finance Officer